# CSB Bank

**CSB BANK Limited** (Formerly The Catholic Syrian Bank Ltd)

Regd. Office: 'CSB Bhavan', Post Box No. 502, St. Mary's College Road, Thrissur – 680020, Kerala, India.
Tel: +91 487–2333020 | Fax: +91 487–2338764 | Website: www.csb.co.in | Email: investors@csb.co.in
Corporate Identity Number: U65191KL1920PLC000175

## സിഎസ്ബി ബാങ്ക് ലിമിറ്റഡിന്റെ 99- ാമത് വാർഷിക പൊതുയോഗം, ഇ- വോട്ടിംഗ്, ബുക്ക് ക്ലോഷർ എന്നിവ സംബന്ധിച്ച അറിയിപ്പ്

1. സി.എസ്.ബി ബാങ്ക് ലിമിറ്റഡിന്റെ 99- ാമത് വാർഷിക പൊതുയോഗം 2020 ജൂലൈ 20-ാം തീയതി ഇന്ത്യൻ സമയം രാവിലെ 11 മണിക്ക് കമ്പനീസ് ആക്ട് 2013, കമ്പനികാര്യ മന്ത്രാലയം പുറപ്പെടുവിച്ച 2020 ഏപ്രിൽ 8-ാം തീയതിയിലെ ജനറൽ സർക്കുലർ 14/ 2020, ഏപ്രിൽ 13-ാം തീയതിയിലെ ജനറൽ സർക്കുലർ 17/ 2020, മെയ് 5-ാം തീയതിയിലെ ജനറൽ സർക്കുലർ 20/2020, കേന്ദ്ര സർക്കാർ, കമ്പനികാര്യ മന്ത്രാലയം, സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ എന്നിവർ പുറപ്പെടുവിച്ചിട്ടുള്ളതും മറ്റു ബാധകമായിട്ടുള്ള നിയമങ്ങൾ, സർക്കുലറുകൾ (ഒന്നാകെ സർക്കുലറുകൾ എന്ന് ഇതിൽ പറയുന്നത്) എന്നിവ പ്രകാരവും കമ്പനികൾക്ക് കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ടുള്ള സാമൂഹിക അകല മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനായി ഒരു പൊതുവേദിയിൽ അംഗങ്ങളുടെ സാന്നിദ്ധ്യത്തിലല്ലാതെ വീഡിയോ കോൺഫറൻസിംഗ് (VC)/ മറ്റു ശബ്ദ-ദൃശ്യ സംവിധാനങ്ങൾ (OAVM) എന്നിവ ഉപയോഗിച്ച് വാർഷിക പൊതുയോഗം നടത്താൻ അനുവാദമുള്ളതും, ആയതിൻ പ്രകാരം വാർഷിക പൊതുയോഗ നോട്ടീസിൽ പറഞ്ഞിട്ടുള്ള നയകാര്യ ഇടപാടുകൾ നടത്തുവാനായി ബാങ്കിന്റെ വാർഷികപൊതുയോഗം VC/OAVM സംവിധാനങ്ങളിലൂടെ നടത്തുന്നതാണ്.
2. മേൽപ്പറഞ്ഞ സർക്കുലറുകൾ പാലിച്ചുകൊണ്ട് 2019- 2020 സാമ്പത്തിക വർഷത്തിലെ വാർഷിക റിപ്പോർട്ടിന്റെയും വാർഷിക പൊതുയോഗം നോട്ടീസിന്റെയും ഇലക്ട്രോണിക് പകർപ്പുകൾ ഇ-മെയിൽ വിലാസം ബാങ്കിലോ/ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് പക്കലോ രജിസ്റ്റർ ചെയ്തിട്ടുള്ള കടലാസ് രൂപത്തിൽ ഓഹരി കൈവശം വെയ്ക്കുന്നവരടക്കമുള്ള എല്ലാ ഓഹരി ഉടമകൾക്കും അയച്ചിട്ടുള്ളതാണ്. 99-ാമത് വാർഷിക പൊതുയോഗം നോട്ടീസ്, 2019-20 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് എന്നിവ ബാങ്കിന്റെ വെബ്സൈറ്റായ https://www.csb.co.in ലെ 'Investor Relations' വിഭാഗത്തിലും സ്റ്റോക്ക് എക്സ്ചേഞ്ചുകളായ BSE ലിമിറ്റഡിന്റെ https://www.bseindia.com എന്ന വെബ്സൈറ്റിലും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ https://www.nseindia.com എന്ന വെബ്സൈറ്റിലും NSDL ന്റെ https://www.evoting.nsdl.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. വാർഷിക പൊതുയോഗ നോട്ടീസ് ഇ-മെയിൽ വഴി അയക്കുന്ന പ്രക്രിയ 2020 ജൂൺ 27ന് പൂർത്തീകരിച്ചിട്ടുള്ളതാണ്.
3. കട്ട് ഓഫ് തീയ്യതിയായ **2020, ജൂലൈ 13-ാം തീയ്യതി** ഡിമാറ്റ് ഓഹരികൾ, കടലാസ് രൂപത്തിലുള്ള ഓഹരികൾ എന്നിവ കൈവശമുള്ള ഓഹരി ഉടമകൾക്ക് വാർഷികപൊതുയോഗ നോട്ടീസിൽ പറഞ്ഞിട്ടുള്ളതും താഴെ വിശദമായി പ്രസ്താവിച്ചിട്ടുള്ളതുമായ നയകാര്യങ്ങളിൽ വിദൂര ഇ-വോട്ടിംഗ് സംവിധാനത്തിലൂടെ വോട്ട് രേഖപ്പെടുത്താവുന്നതാണ്.

| | | |
|---|---|---|
| A | ഇലക്ട്രോണിക് വോട്ടിംഗിലൂടെ പൂർത്തീകരിക്കേണ്ടുന്ന നയകാര്യങ്ങൾ | 2020 ജൂൺ 22-ാം തീയതിയിലെ നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള നയകാര്യങ്ങൾ ഇലക്ട്രോണിക് വോട്ടിങ്ങിലൂടെ നടത്താവുന്നതാണ് |
| B | വാർഷിക പൊതുയോഗ നോട്ടീസ് അയക്കുന്നത് പൂർത്തിയായ തീയതി | ജൂൺ 27, 2020 |
| C | വിദൂര/ ഇ-വോട്ടിംഗ് ആരംഭിക്കുന്ന സമയവും തീയതിയും | ജൂലൈ 16 2020 വ്യാഴം രാവിലെ 9 മണി മുതൽ |
| D | വിദൂര/ ഇ-വോട്ടിംഗ് അവസാനിക്കുന്ന സമയവും തീയതിയും | ജൂലൈ 19 2020 ഞായർ വൈകിട്ട് 5 മണി വരെ |
| E | ജൂലൈ 19, 2020 ഇന്ത്യൻ സമയം വൈകിട്ട് 5 മണിക്ക് ശേഷം വിദൂര/ ഇ-വോട്ടിംഗ് സംവിധാനം NSDL മരവിപ്പിക്കുന്നതാണ് പ്രമേയങ്ങളിന്മേൽ ഓഹരിയുടമ ഒരിക്കൽ വോട്ട് രേഖപ്പെടുത്തിയാൽ പിന്നീട് മാറ്റം വരുത്താൻ പറ്റാത്തതുമാണ്. | |
| F | വാർഷിക പൊതുയോഗ നോട്ടീസ് പ്രദർശിപ്പിച്ചിട്ടുള്ള ബാങ്കിന്റെയും ഏജൻസിയുടെയും വെബ്സൈറ്റ് വിലാസം | https://www.csb.co.in<br>https://www.evoting.nsdl.com |
| G | വിദൂര/ ഇ വോട്ടിംഗ് സംബന്ധിച്ച പരാതികൾ പരിഗണിക്കുവാൻ ഉത്തരവാദിത്തപ്പെട്ട വ്യക്തിയുടെ സമ്പർക്ക വിശദവിവരങ്ങൾ | ശ്രീ. അമിത് വിശാൽ, സീനിയർ മാനേജർ, NSDL amitv@nsdl.co.in/ 022 24994360/ അല്ലെങ്കിൽ ശ്രീമതി പല്ലവി മാഹ്ത്രേ, മാനേജർ, NSDL, pallavid@nsdl.co.in/ 022 24994545 |
| H | കട്ട് ഓഫ് തീയതിയിൽ അംഗമല്ലാത്തവരോ/അംഗം അല്ലാതാവുകയോ ചെയ്തിട്ടുള്ള വ്യക്തികൾ ഈ നോട്ടീസും അതിലെ കാര്യങ്ങളും ഒരു വിവരം ആയി മാത്രം കാണേണ്ടതാണ് | |

i. വാർഷിക പൊതുയോഗ അറിയിപ്പ് അയച്ചതിന് ശേഷം, ഓഹരികൾ കരസ്ഥമാക്കുന്നതും അപ്രകാരമുള്ള ഓഹരികൾ കട്ട് ഓഫ് തീയ്യതിയായ 2020 ജൂലൈ 13-ാം തീയ്യതിയും കൈവശം വെയ്ക്കുന്നതുമായ ഉടമകൾക്ക് evoting@nsdl.co.in എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷിച്ചാൽ വിദൂര/ ഇ-വോട്ടിംഗിനുള്ള ലോഗിൻ ഐഡിയും പാസ്‌വേർഡും ലഭിക്കുന്നതാണ്. എന്നാൽ ഇ-വോട്ടിംഗ് സംവിധാനത്തിനായി NSDL ൽ മുൻപ് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് വോട്ട് ചെയ്യുവാനായി നിലവിലുള്ള അതേ ലോഗിൻ ഐഡി, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിക്കാവുന്നതാണ്.

ii. താഴെ പറയുന്നവയിലേക്ക് ഓഹരി ഉടമകളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

a. വാർഷിക പൊതുയോഗത്തിൽ VC/OAVM സംവിധാനമുപയോഗിച്ച് പങ്കെടുക്കുന്ന ഓഹരിയുടമകൾക്ക് അവർ വിദൂര ഇ-വോട്ടിംഗ് സംവിധാനമുപയോഗിച്ച് പ്രമേയങ്ങളിൽ വോട്ട് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ, മറ്റേതെങ്കിലും കാരണത്താൽ വോട്ടെടുപ്പിൽ നിന്ന് വിലക്കിയിട്ടില്ലെങ്കിൽ, പൊതുയോഗ സമയത്ത് ലഭ്യമായ ഇ-വോട്ടിംഗ് സൗകര്യം ഉപയോഗിച്ച് വോട്ട് ചെയ്യാവുന്നതാണ്.

b. ഇ-വോട്ടിംഗ് സംവിധാനം ഉപയോഗിച്ച്, വാർഷിക പൊതുയോഗത്തിന് മുൻപ് വോട്ട് രേഖപ്പെടുത്തിയ ഓഹരി ഉടമകൾക്കും വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാവുന്നതാണെങ്കിലും, അവർക്ക് വീണ്ടും വോട്ട് രേഖപ്പെടുത്താനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല.

c. കട്ട് ഓഫ് തീയതിക്ക്, അംഗത്വ രജിസ്റ്ററിലോ ഡെപ്പോസിറ്ററി പക്കലുള്ള ബെനഫിഷ്യൽ ഓണർ രജിസ്റ്ററിലോ പേര് രേഖപ്പെടുത്തിയിട്ടുള്ളവർക്ക് മാത്രമേ വിദൂര/ ഇ-വോട്ടിംഗ് സംവിധാനവും വാർഷികപൊതുയോഗ സമയത്ത് ഇ-വോട്ടിംഗ് സംവിധാനവും ഉപയോഗിക്കുവാൻ അർഹതയുള്ളൂ.

iii. ഡിമാറ്റ് ആയും, കടലാസ് രൂപത്തിലും ഓഹരികൾ കൈവശം വച്ചിട്ടുള്ള ഓഹരി ഉടമകൾക്ക് വിദൂര വോട്ടിംഗ് ചെയ്യുന്ന രീതി വാർഷിക പൊതുയോഗ നോട്ടീസിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ബാങ്കിന്റെ വെബ്സൈറ്റിലും ലഭ്യമാണ്, ഓഹരി ഉടമകൾ അത്തരം വിശദ വിവരങ്ങൾക്കായി https://www.csb.co.in സന്ദർശിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

iv. ഓഹരികൾ ഡിമാറ്റായി കൈവശം വെയ്ക്കുന്ന ഓഹരി ഉടമകൾ അവരവരുടെ ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് മുഖാന്തിരം, അതത് ഡിപ്പോസിറ്ററികൾ സമക്ഷം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം അപ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഓഹരികൾ കടലാസ് രൂപത്തിൽ കൈവശം വയ്ക്കുന്ന ഓഹരി ഉടമകൾ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട്, 99-ാമത് വാർഷിക പൊതുയോഗ അറിയിപ്പ്, വിദൂര/ഇ-വോട്ടിംഗ്, VC/OAVM എന്നിവയിലൂടെ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാനുള്ള നിർദ്ദേശങ്ങൾ എന്നിവ ലഭിക്കുന്നതിനായി അവരുടെ ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം ബാങ്കിന്റെ രജിസ്ട്രാർ ആൻഡ് ഷെയർ ട്രാൻസ്ഫർ ഏജന്റ് ആയ SKDC കൺസൾട്ടന്റ്സ് ലിമിറ്റഡ് സമക്ഷം info@skdc.consultants.com എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

v. വിദൂര/ ഇ-വോട്ടിംഗ് സംബന്ധിച്ച സംശയങ്ങൾ അംഗങ്ങൾക്ക് NSDL വെബ്സൈറ്റിലെ Frequently Asked Questions (FAQs) for Members എന്ന വിഭാഗവും Download വിഭാഗത്തിലെ ഇ-വോട്ടിംഗ് മാനുവലും വായിച്ചു മനസ്സിലാക്കി ഉത്തരം കണ്ടെത്തുകയോ ടോൾഫ്രീ നമ്പറായ 1800-222-990 ലേക്ക് വിളിച്ചോ, evoting@nsdl.co.in എന്ന വിലാസത്തിലേക്ക് സംശയങ്ങൾ/ ചോദ്യങ്ങൾ അയച്ചോ സംശയ ദൂരീകരണം നടത്താവുന്നതാണ്.

vi. വീഡിയോ കോൺഫറൻസിംഗ് വഴി യോഗത്തിൽ പ്രവേശിക്കാനും, പങ്കെടുക്കാനും എന്തെങ്കിലും സാങ്കേതിക സഹായം ആവശ്യമുള്ള അംഗങ്ങൾക്ക് ഹെൽപ്പ്‌ലൈൻ നമ്പറായ 1800-222-990 ൽ ബന്ധപ്പെടാവുന്നതാണ്.

4. ന്യായവും സുതാര്യവുമായ രീതിയിൽ ഇ-വോട്ടിംഗ് പ്രക്രിയ നടത്തുന്നതിലേക്കായി കമ്പനി സെക്രട്ടറിയും SVJS & Associates മാനേജിങ് പാർട്ട്ണറുമായ ശ്രീ. പി. ഡി വിൻസെന്റ് (LLB, MBA, FCS) അവർകളെ സൂക്ഷ്മപരിശോധകനായി നിയമിച്ചിട്ടുണ്ട്.
5. മേൽ പറഞ്ഞിട്ടുള്ള സർക്കുലറുകൾ പ്രകാരം വാർഷിക പൊതുയോഗ നോട്ടീസ്, വാർഷിക റിപ്പോർട്ട് എന്നിവ ഓഹരി ഉടമകൾക്ക് തപാലിൽ അയക്കുന്നതല്ല എന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
6. കമ്പനീസ് ആക്ട് 2013, സെക്ഷൻ 91, കമ്പനീസ് (മാനേജ്മെന്റ് ആന്റ് അഡ്മിനിസ്ട്രേഷൻ) റൂൾ, 2014 റൂൾ 10, എന്നിവ പ്രകാരം വാർഷിക പൊതുയോഗത്തിന്റെ ഭാഗമായി അംഗങ്ങളുടെ രജിസ്റ്റർ, ഓഹരി കൈമാറ്റ രജിസ്റ്റർ എന്നിവ **ജൂലൈ 14, 2020 മുതൽ ജൂലൈ 20, 2020 വരെ** ക്ലോസ് ചെയ്യുന്നതായിരിക്കുമെന്നും കൂടി ഇതിനാൽ അറിയിക്കുന്നു.

**ബോർഡിന്റെ ഉത്തരവുപ്രകാരം**
**സിഎസ്ബി ബാങ്ക് ലിമിറ്റഡിന് വേണ്ടി**
**ഒപ്പ്**
**സിജോ വർഗ്ഗീസ്**
**കമ്പനി സെക്രട്ടറി**

**സ്ഥലം: തൃശൂർ**
**തീയതി: ജൂൺ 27, 2020**